"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് -കേരള കെട്ടിട നിർമാണ തൊഴിലാളി ക്ഷേമ ബോർഡ് - ബിൽഡിംഗ് സെസ് അദാലത്ത് 31/12/2025 വരെ ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്**

സ.ഉ.(സാധാ) നം.837/2025/LBR തീയതി,തിരുവനന്തപുരം, 11-07-2025

---

പരാമർശം:-

1. 27.10.2021-ലെ സ.ഉ(സാധാ).1253/2021/തൊഴിൽ നമ്പർ ഉത്തരവ്.
2. 02.05.2025-ലെ സ.ഉ(സാധാ).546/2025/തൊഴിൽ നമ്പർ ഉത്തരവ്.
3. 19/06/2025ലെ ലേബർ കമ്മീഷണറുടെ LCO 2021/2022/EN (4) നമ്പർ കത്ത്

**ഉത്തരവ്**

1996-ലെ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ സെസ് നിയമ പ്രകാരം സെസ് കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള പ്രവർത്തനം ഊർജ്ജിതമാക്കുന്നതിലേയ്ക്കായി 2021 നവംബർ മുതൽ വ്യവസ്ഥകളോടുകൂടി അദാലത്ത് നടത്തുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകുകയും കാലാകാലങ്ങളിൽ, ടി കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം സെസ് അദാലത്ത് നടത്തുന്നതിനുള്ള കാലയളവ് 30.06.2025 വരെ ദീർഘിപ്പിക്കുന്നതിനു അനുമതി നൽകിയിരുന്നു.

2. സെസ് പിരിവ് കാര്യക്ഷമായി നടത്താൻ ടി അദാലത്ത് സഹായിക്കുന്നതിനാൽ, സെസ് അദാലത്ത് 31.12.2025 വരെ നീട്ടുവാൻ നടപടി സ്വീകരിക്കണമെന്നും, 04.10.2023-ലെ സ.ഉ(സാധാ).1238/2023/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം സെസ് അദാലത്തിലൂടെ സെസ് തുക 5 തവണയായി അടയ്ക്കാമെന്ന വ്യവസ്ഥ പരിഗണിക്കുമ്പോൾ ഇൻസ്റ്റാൾമെന്റായി 5 മാസം കാലാവധി ആവശ്യമായി വരുന്നുവെന്നും പരാമർശം (3) പ്രകാരം ലേബർ കമ്മീഷ്ണർ അറിയിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ലേബർ കമ്മീഷണറുടെ കത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യം പരിഗണിച്ച്, നിലവിലെ സെസ് അദാലത്തിന് നൽകിയിരിക്കുന്ന കാലയളവ് 31.12.2025 വരെ ദീർഘിപ്പിച്ച് നൽകി ഇതിനാൽ

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എൻ.കെ. ചന്ദ്ര

അഡിഷണൽ സെക്രട്ടറി

ലേബർ കമ്മിഷണർ, തിരുവനന്തപുരം

സെക്രട്ടറി, കേരള കെട്ടിട നിർമാണ തൊഴിലാളി ക്ഷേമ ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ &ഇ ) തിരുവനന്തപുരം,

ഓഫീസിൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 11-07-2025 16:42:59

സെക്ഷൻ ഓഫീസർ